<u>പതിനാലാം കേരള നിയമസഭ</u>

<u>പത്താം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **5088**

23.03.2018-ലെ മറുപടി

**<u>കേരള വാട്ടർ അതോറിറ്റി നേരിടുന്ന പ്രതിസന്ധികൾ</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.ബി.സത്യൻ<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.റ്റി,വി.രാജേഷ്<br>,, കെ.ഡി.പ്രസേനൻ | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കേരള വാട്ടർ അതോറിറ്റി നേരിട്ടു കൊണ്ടിരിക്കുന്ന പ്രതിസന്ധികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) വർഷാവർഷം വർദ്ധിച്ചുവരുന്ന ശമ്പളം, പെൻഷൻ, അറ്റകുറ്റപ്പണികളുടെ ചെലവ്, വൈദ്യുതി ചെലവ്, വായ്പാതിരിച്ചടവ് (പലിശ ഉൾപ്പെടെ) എന്നിവയ്ക്ക് അനുസൃതമായി വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുന്നില്ല. 01.10.2014-ൽ പ്രാബല്യത്തിൽ വന്ന പുതുക്കിയ വെള്ളക്കര നിരക്കിൽ പ്രതിമാസം 15 കി.ലി. വരെ ഉപയോഗിക്കുന്ന ഉപഭോക്താവിനെ വർദ്ധന വിലയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ജലവിതരണ ശൃംഖലയിലെ പൈപ്പുകളുടെ ചോർച്ച വാട്ടർ അതോറിട്ടിയ്ക്ക് വിതരണ നഷ്ടം ഉണ്ടാക്കുന്നു.<br>സ്കീമുകളുടെയും ഉപഭോക്താക്കളുടെയും എണ്ണം വർദ്ധിച്ചതിനനുസരിച്ച് ജീവനക്കാരുടെ അംഗീകൃത തസ്തികൾക്ക് വർദ്ധനവ് ഉണ്ടായിട്ടില്ല. ഇത് ഒരു പരിധി വരെ അതോറിട്ടിയുടെ പ്രവർത്തന ക്ഷമതയെ ബാധിക്കുന്നുണ്ട്. പദ്ധതി നടത്തിപ്പിനുള്ള കേന്ദ്രസഹായത്തിൽ 2014-15 സാമ്പത്തിക വർഷം മുതൽ സാരമായ കുറവുണ്ടായി. ഇത് പദ്ധതി നടത്തിപ്പിനെ ബാധിച്ചു. വർഷം തോറും ഉണ്ടാകുന്ന വരൾച്ച വാട്ടർ അതോറിട്ടിയുടെ കുടിവെള്ള പദ്ധതികളുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്. |
| (ബി) വാട്ടർ അതോറിറ്റിക്ക് വിവിധ വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നൽകാനുള്ള കുടിശ്ശിക ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) സർക്കാർ മേഖലയിലെ കുടിശ്ശികകൾ ബന്ധപ്പെട്ട വകുപ്പ് മേധാവികളുടെ ശ്രദ്ധയിൽപ്പെടുത്തി പിരിച്ചെടുക്കാൻ ശ്രമിച്ചുവരുന്നു. വിവിധ സർക്കാർ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം കുടിശ്ശിക അടച്ചു തീർക്കാനുള്ള അവസരം നല്കുകയും, കുടിശ്ശിക നിവാരണത്തിനായി ഡിവിഷൻ തലത്തിൽ അദാലത്തുകൾ |

| | | | |
|---|---|---|---|
| | | | സംഘടിപ്പിക്കുകയും ചെയ്ത് കുടിശ്ശിക നിവാരണം നടത്തി വരുന്നു. ഇതിനോട് അനുബന്ധിച്ച് എല്ലാ ജില്ലകളിലും 2018 ജനുവരി മാസത്തിൽ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് മാത്രമായി അദാലത്ത് നടത്തുകയുണ്ടായി. |
| (സി) | കരാറുകാർക്ക് വാട്ടർ അതോറിറ്റി കൊടുത്തു തീർക്കാനുള്ള കുടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കാമോ; | (സി) | കരാറുകാർക്ക് 295.56 കോടി രൂപയും ഓ&എം കരാറുകാർക്ക് ഏകദേശം 84.50 കോടി രൂപയും കുടിശ്ശികയായി കൊടുത്തു തീർക്കാനുണ്ട്. |
| (ഡി) | വാട്ടർ അതോറിറ്റിയുടെ നിർമ്മാണ ത്തിലിരിക്കുന്ന വിവിധ പദ്ധതികൾ, കേന്ദ്രസഹായം നിലച്ചതു മൂലം സ്തംഭനാവസ്ഥയിൽ ആണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഉണ്ട്. 55 എണ്ണം. |
| (ഇ) | എങ്കിൽ ഇതു പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഇ) | കേന്ദ്രസഹായത്തിലെ കുറവ് നികത്തു ന്നതിലേയ്ക്കായി 2018-19 വർഷത്തെ സംസ്ഥാന ബജറ്റിൽ NRDWP പദ്ധതികൾക്കായി പുതുക്കിയ ശീർഷകത്തിൽ അധികമായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ